بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 08.11.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## തഹ്‌രീക്ക് ജദീദിന്റെ പുതുവർഷ വിളംബരവും അഹ്മദികളുടെ ധനത്യാഗ നിർഭരമായ വിശ്വാസവർധക സംഭവങ്ങളുടെ വിവരണവും

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ-اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ ؕ وَمَا تُنْفِقُوْنَ اِلَّا ابْتِغَآءَ وَجْهِ اللّٰهِ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ وَاَنْتُمْ لَا تُظْلَمُوْنَ ۝

ഇതിന്റെ തർജ്ജുമ ഇപ്രകാരമാണ്, അവരെ നേർമാർഗത്തിലാക്കുകയെന്നത് നിന്റെ ചുമതലയല്ല. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിൽ ചലിപ്പിക്കുന്നതാണ്. ഏതൊരു നല്ല ധനം അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നുവോ, അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് കൊണ്ടാണ് നിങ്ങൾ യഥാർഥത്തിൽ ചെലവ് ചെയ്യുന്നതെങ്കിൽ അതിന്റെ പ്രതിഫലം നിങ്ങൾക്കു തന്നെയാണ് ലഭിക്കുക. നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല. (2:273)

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ ആയത്ത് വിശദമാക്കുന്നത്, ആർക്കും നേരായമാർഗം കാണിച്ച് കൊടുക്കാൻ നമുക്ക് സാധിക്കും എന്നാണ്. എന്നാൽ അവരെ അതിലൂടെ ചലിപ്പിക്കാൻ സാധിക്കുമെന്നത് നിർബന്ധമല്ല. കാരണം അല്ലാഹുവാണ് ആ ചുമതല ഏറ്റെടുത്തിരിക്കുന്നത്. മനുഷ്യൻ അല്ലാഹുവിലേക്ക് അടുക്കുവാനായി പരിശ്രമിക്കുമ്പോൾ, അതിനായി ദുആ ചെയ്യുമ്പോൾ പിന്നീട് അല്ലാഹു അനുഗ്രഹങ്ങളുടെ പദവികൾവരെ അവനെ സ്വയം എത്തിക്കുന്നതാണ്. അതിനാൽ ഹിദായത്ത് ലഭിച്ചതിന് ശേഷം നാം ദുആകളും കൂടി ചെയ്യേണ്ടത് നിർബന്ധമാണ്. പര്യവസാനം ശുഭകരമാകുന്നതിന്വേണ്ടി അവന്റെ അനുഗ്രഹത്തെയും ചോദിച്ച് കൊണ്ടിരിക്കുക.

ഇനി അല്ലാഹു ഈ ആയത്തിൽ പറഞ്ഞ രണ്ടാമത്തെ കാര്യം ഇതാണ്, നല്ല മുതലിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് തന്നെ ഗുണകരമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ നല്ല ഉദ്ദേശ്യത്തോടുക്കൂടി പരിശുദ്ധ ധനം ചെലവഴിക്കുന്നതായാൽ അതിന്റെ ആയിരം മടങ്ങ് വരെ ഇരട്ടിയായി ലഭിക്കുന്നതാണ്. അഹ്മദികൾ അനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതുന്നു, എപ്രകാരമാണ് അവർ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്തതെന്നും അല്ലാഹു എപ്രകാരമാണ് അവർക്ക് അത് വർധിപ്പിച്ച് നല്കിയതെന്നും അതിൽ അവർ വിവരിക്കുന്നു. അല്ലാഹു പറയുന്നു: ഞാൻ കടം വെക്കുകയില്ല. നിങ്ങൾ എന്റെ പ്രീതി ആഗ്രഹിച്ച്കൊണ്ട് നിങ്ങളുടെ പരിശുദ്ധ ധനത്തിൽ നിന്ന് എന്റെ ദീനിനുവേണ്ടി എന്റെ കല്പന പ്രകാരം ചെലവഴിക്കുന്നതായാൽ ഞാൻ അത് തിരിച്ച് നല്കുന്നതാണ്. അത് പരിശുദ്ധ ധനം ആയിരിക്കണം എന്നതാണ് നിബന്ധന.

ആയിരകണക്കിനും ലക്ഷകണക്കിനും അഹ്മദികളാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയും അല്ലാഹു പറഞ്ഞ കാര്യം അനുഭവിക്കുകയും തിരിച്ചറിയുകയും ചെയ്തത്. അതിലെ ചില ഉദാഹരണങ്ങൾ സമർപ്പിക്കുന്നതാണ്. എന്നാൽ ഈ ത്യാഗത്തിന്റെ മാതൃകകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും നാം കണ്ടിരുന്നു.

സിറാലിയൂണിൽ നിന്ന് ഒരു മുബല്ലിഗ് എഴുതുന്നു: ലുണസൂർ റീജിയണിലെ ഒരു നവഅഹ്മദി, കമ്മാറ സാഹിബ്, അദ്ദേഹത്തിന് തഹ്‌രീകെ ജദീദിനെ പരിചയപ്പെടുത്തുകയും ചന്ദകളുടെ അനുഗ്രഹത്തെ കുറിച്ച് വിവരിക്കുകയും ചെയ്തു. അങ്ങനെ ആ നവ അഹ്മദി ചന്ദ ആമിനോടൊപ്പം തഹ്‌രീകെ ജദീദ് ചന്ദ നല്കി. അദ്ദേഹത്തിന്റെ പക്കൽ വീട്ടിലേക്ക് അരി വാങ്ങാനുള്ള വളരെ കുറിച്ച് ധനമാണ് ഉണ്ടായിരുന്നത്. എന്നാൽ അദ്ദേഹം ആ ധനവും തഹ്‌രീക് ജദീദ് ചന്ദയായി നല്കുകയുണ്ടായി. പറയുന്നു: കുറച്ച് ദിവസത്തിന് ശേഷം അദ്ദേഹം വീണ്ടും വന്നു. എന്നിട്ട് പറഞ്ഞു: ഏതൊരു ദിവസമാണ് ഞാൻ തഹ്‌രീക് ജദീദ് ചന്ദ നല്കിയത്, അതിനടുത്ത ദിവസം തന്നെ എന്നെ കമ്പനി അറിയിച്ചു, ഞങ്ങൾ നിങ്ങളുടെ വകുപ്പിന് മാറ്റം വരുത്തിയിരിക്കുന്നു. പുതിയ വകുപ്പിൽ നിങ്ങൾക്ക് ഇരട്ടി ശമ്പളം ലഭിക്കുന്നതാണ്. മറ്റുള്ള ലാഭവും വളരെയധികമായിരിക്കും. പറയുന്നു: ഏതൊരു അനുഗ്രഹത്തെ സംബന്ധിച്ചാണ് ഞാൻ കേട്ടത്, അല്ലാഹു എനിക്കതിന്റെ പൊലിമ കണിക്കുകയുണ്ടായി. വീണ്ടും പറയുന്നു: ഇനി മുതൽ ചന്ദ ആമിനോടൊപ്പം ചന്ദ തഹ്‌രീക് ജദീദ്

ചന്ദ കൂടി നല്കുന്നതാണ്.

വീണ്ടും സിറാലിയൂണിലെ പോർട്ട് ലുകോയിലെ മുബലിഗ് പറയുന്നു: ഒരു ഗ്രാമത്തിൽ മുഹമ്മദ് സാഹിബ് എന്ന ഒരഹ്മദി താമസിച്ചിരുന്നു. അദ്ദേഹത്തിന് തഹ്‌രീക് ജദീദ് ചന്ദയായി എഴുതിയ വാഗ്ദാനം നല്കുന്നതിന് സാധിക്കുമായിരുന്നില്ല. അങ്ങനെ വർഷാവസാനത്തിൽ അദ്ദേഹം പറയുന്നു: എന്റെ പക്കൽ കുറച്ച് കപ്പ് അരി അല്ലാതെ യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം ആ അരി വിൽക്കുകയും അതുകൊണ്ട് വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്തു. പറയുന്നു: അതിനടുത്ത ദിവസം എന്റെ ഒരു അകന്നബന്ധു ഒരു ചാക്ക് അരിയും കുറച്ച് തുകയും ഉപഹാരമെന്ന നിലയിൽ എനിക്ക് അയച്ചുതന്നു. പറയുന്നു: എന്റെ വിശ്വാസത്തിന് ദൃഢത കൈവന്നിരിക്കുന്നു. കാരണം ഞാൻ കുറച്ച് കപ്പ് ധാന്യം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്തപ്പോൾ അല്ലാഹു അതിന് പകരമായി എനിക്ക് നൂറ് കിലോ നല്കുകയുണ്ടായി, അതോടൊപ്പം കുറച്ച് പണവും നല്കി.

യു.കെ.യിലെ ഒരു വനിതയോടും അല്ലാഹു എപ്രകാരമാണ് തന്റെ അത്ഭുതം കാണിച്ചതെന്ന് നോക്കുക, അതിലൂടെ അവരുടെ ഈമാനും വർധിച്ചു. പറയുന്നു: ഞാൻ തഹ്‌രീക് ജദീദ് ചന്ദ നല്കിയിരുന്നു. എന്നാൽ പിന്നീട് പ്രാദേശിക സദർ സാഹിബയിൽ നിന്ന് ഒരു സന്ദേശം ലഭിക്കുകയുണ്ടായി, അതായത് നമ്മുടെ ടാർഗറ്റ് പൂർത്തിയാക്കുന്നതനായി ഇനിയും കുറച്ച് തുകയുടെ ആവശ്യമുണ്ട്. ഞാൻ എന്റെ പക്കലുണ്ടായിരുന്ന എല്ലാ പണവും ചന്ദയായി നല്കി. അടുത്ത ദിവസം ഞാൻ എന്റെ ബാങ്ക് അകൗണ്ട് നോക്കിയപ്പോൾ എത്ര തുകയാണ് ഞാൻ ചന്ദയായി നല്കിയത് അതിന്റെ നാലിരട്ടി തുക ബാങ്കിൽ നിന്നും എന്റെ അകൗണ്ടിലേക്ക് വന്നിരിക്കുന്നു. അതു സംബന്ധമായി എനിക്ക് യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല.

ബുർകീനോഫാസോയിലെ അമീർ സാഹിബ് എഴുതുന്നു: കോലോയിലെ ഒരു അഹ്മദി, സാവാഡോ സാഹിബ്, അദ്ദേഹം തഹ്‌രീക് ജദീദിന്റെ ചന്ദയായി നൂറ് ഫ്രാങ്ക് എല്ലാ മാസവും നല്കുമായിരുന്നു. അദ്ദേഹത്തിന് ആരോ മൂന്ന് ആടുകൾ ഉപഹാരമായി നല്കിയപ്പോൾ അതിൽ ഒരെണ്ണം അദ്ദേഹം തഹ്‌രീക് ജദീദിന്റെ ചന്ദയായി നല്കി. ബാക്കി രണ്ടെണ്ണം തന്റെ കൈവശം വെച്ചു. അല്ലാഹു ആ ആടുകളിൽ എത്രമാത്രം അനുഗ്രഹം നിറച്ചെന്നാൽ, അദ്ദേഹം ഇപ്പോൾ നിരവധി മൃഗങ്ങളുടെ ഉടമസ്ഥനാണ്. നൂറിന് പകരമായി ആയിരം ഫ്രാങ്കാണ് ഇപ്പോൾ മാസന്തോറും തഹ്‌രീക് ജദീദിന്റെ ചന്ദയായി നല്കാൻ ആരംഭിച്ചിരിക്കുന്നത്.

ഇന്ത്യയിലെ കർണാടകാ സംസ്ഥാനത്തിലെ ഇൻസ്പെക്ടർ ഇബ്രാഹീം സാഹിബ് എഴുതുന്നു: ഗുൽബർഗയിലെ ഒരു ഖാദിം, അദ്ദേഹം ബാഗ്ളൂരിലെ ഒരു കമ്പനിയിൽ ഇരുപതിനായിരം രൂപ മാസശമ്പളത്തിലാണ് ജോലി ചെയ്തിരുന്നത്. പറയുന്നു: അദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശമായ ത്യാഗനിലവാര തോതിന്റെ അടിസ്ഥാനത്തിൽ പകുതി ശമ്പ ളം ഈ പദ്ധതിക്ക് വേണ്ടി സമർപ്പിച്ചു. അദ്ദേഹത്തിന്റെ വീട്ടിലെ അവസ്ഥ അത്ര മെച്ചപ്പെട്ടതായിരുന്നില്ല. എന്നിരുന്നിട്ട് കൂടി അദ്ദേഹം പതിനായിരം രൂപയുടെ വാഗ്ദാനം നല്കുകയുണ്ടായി. അദ്ദേഹത്തിന്റെ ബന്ധുകൾ പറഞ്ഞു: നിനക്ക് ഇപ്പോൾ പുതിയൊരു ജോലിയാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത്ര വാഗ്ദാനം നല്കിയാൽ നീ പ്രയാസത്തിൽ അകപ്പെടുന്നതാണ്. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞത്, മനുഷ്യൻ പൂർണമായ പരിശ്രമം നടത്തുന്നതുവരെ അല്ലാഹുവിന്റെ മലക്കുകൾ അതി ൽ ശക്തിയും സ്വാധീനവും സൃഷ്ടിക്കുകയില്ല എന്നാ ണ്. അതുകാരണം ഞാൻ എന്തായാലും ഇത് നല്കുന്നതാണ്. പറയുന്നു: ഈ സംഭവം നടന്ന് അല്പകാലം കഴിഞ്ഞതേയുള്ളൂ. അദ്ദേഹത്തിന് മറ്റൊരു കമ്പനിയിൽ ജോലി ലഭിച്ചു. അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപ മാസവരുമാനമായി ലഭിക്കുന്നു. പറയുന്നു: ഇത് ചന്ദ നല്കിയതിന്റെ അനുഗ്രഹമാണ്.

കേരളത്തിലെ തഹ്‌രീക് ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: കരുളായിലെ ഒരു ആത്മാർഥനായ അഹ്മദി തഹ്‌രീക് ജദീദ് ചന്ദ നല്കുന്നതിൽ വളരെ സുപ്രധാന പങ്കാണ് വഹിച്ചിരുന്നത്. അദ്ദേഹം പതിനഞ്ച് ലക്ഷം രൂപ വാഗ്ദാനമായി എഴുതി. എന്നാൽ നടപ്പു വർഷം വാഗ്ദാനാടിസ്ഥാനത്തിൽ വെറും രണ്ട് ലക്ഷം മാത്രമാണ് നല്കിയത്. സമയം നന്നെ കുറവായിരുന്നു. ചന്ദ എങ്ങനെ നല്കുമെന്ന് ചിന്തിച്ച് വളരെയധികം പരിഭ്രമപ്പെട്ടു. എനിക്കും കത്തെഴുതി. സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം കത്തെഴുതി, സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസമാണ്, അല്ലാഹു തന്റെ അനുഗ്രഹത്താൽ എനിക്ക് വാഗ്ദാനം പൂർത്തിയാക്കാനുള്ള തൗഫീഖ് ലഭിക്കുന്നതിന്‌വേണ്ടി ദുആ ചെയ്താലും. പറയുന്നു: അതിന് അൽപം സമയം കഴിഞ്ഞതേയുണ്ടായിരുന്നുള്ളൂ, ഒരു ഭാരിച്ച തുക അദ്ദേഹത്തിന്റെ അകൗണ്ടിലേക്ക് വന്നു. അതിലൂടെ അദ്ദേഹം നല്കിയത് വാഗ്ദാനം മാത്രമല്ല, മറിച്ച് ഒരു നല്ല തുക അതിന് ഉപരിയായി നല്കുകയും ചെയ്തു.

ഇനി ബെനിനിലെ നാതി റീജിയണിലെ മുഅല്ലിം എഴുതുന്നു, ജമാഅത്തിലെ ഒരു സുഹൃത്തിനോട് തഹ്‌രീക് ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞപ്പോൾ യാതൊരു മടിയും കൂടാതെ അദ്ദേഹം മൂവായിരം ഫ്രോങ്ക്സിഫാ എടുത്ത് നല്കി. ഇത്ര വർധിപ്പിച്ച് നല്കിയതിന്റെ കാരണം ഓർത്ത് ഞാൻ വളരെയധികം

അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: ഞാൻ ചന്ദ നല്കുന്നതിൽ വളരെയധികം അലസത കാണിച്ചിരുന്നു. അതോടൊപ്പം പ്രശ്നങ്ങളും അധികരിച്ചിരുന്നു. വിളവും അത്ര നല്ലത് ലഭിച്ചിരുന്നില്ല. അവസാനമായി ഞാൻ ചന്ദ നല്കിയപ്പോൾ ഈ അനുഗ്രഹത്തിൽ നിന്ന് എപ്രകാരമാണ് പ്രയോജനം ലഭിക്കുകയെന്ന് നോക്കാമെന്ന ചിന്തയോടെ നല്കുകയുണ്ടായി. അങ്ങനെ ഞങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി അപ്രതീക്ഷിതമായ നിലകളിൽനിന്ന് അല്ലാഹു എപ്രകാരമാണ് സഹായങ്ങൾ എത്തിക്കുകയെന്ന് ഞാൻ തിരിച്ചറിഞ്ഞു.

മാസ്കോയിലെ മുബലിഗ് എഴുതുന്നു, ഇപ്പോൾ എല്ലാ രാജ്യത്തും അല്ലാഹു ആളുകൾ ചെയ്യുന്ന ത്യാഗങ്ങൾക്ക് ശേഷം തന്റെ അനുഗ്രഹങ്ങളുടെ ദൃശ്യവും കാണിക്കുന്നു. ഉസ്ബക്സ്ഥാനിലെ ഒരു സുഹൃത്ത് സായിർ സാഹിബ് കുറച്ച് കാലമായി തഹ്രീക് ജദീദിലേക്ക് ശ്രദ്ധ നല്കുന്നു. പറയുന്നു: അദ്ദേഹം ഇപ്പോൾ ഉസ്ബക്സ്ഥാനിൽ ടാക്സി ഓടിക്കുകയാണ്. അദ്ദേഹത്തിന്റെ ഭാര്യ തയ്യൽ ജോലിയും ചെയ്യുന്നു. ഈ ഭാര്യാഭർത്താക്കന്മാരുടെ രീതി ഇതാണ് അവരുടെ വരുമാനത്തിന്റെ മൂന്നിൽ ഒരുഭാഗം കുട്ടികൾക്ക് വേണ്ടിയും അടുത്തത് വീടിനും അവസാന ഭാഗം പ്രത്യേകമായും ചന്ദയായി അല്ലാഹുവിന്റെ മാർഗത്തിലും ചെലവഴിക്കുന്നു. അതുകൊണ്ട് അവർ ഇരുപേരും വലിയ സന്തോഷത്തിലും സമാധാനത്തിലും അവരുടെ കുടുംബം മെച്ചപ്പെട്ട അവസ്ഥയിലും കഴിഞ്ഞ് പോകുന്നു. സായിർ സാഹിബ് പറയുന്നു: എപ്പോഴാണ് അദ്ദേഹം ചന്ദ നല്കാൻ ആരംഭിച്ചത് അതോടൊപ്പം അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളും ലഭിച്ചു. കഴിഞ്ഞ വർഷങ്ങളിൽ ലഭികാത്ത അത്ര അനുഗ്രഹം അദ്ദേഹത്തിന്റെ വരുമാനത്തിന് ഉണ്ടായി.

ജർമനി ജമാഅത്തിലെ ഒരു വനിത എഴുതുന്നു, ഞാൻ രണ്ട് മാസം ഗർഭണിയായിരുന്ന സമയത്ത് ഒരുപാട് ദുആ ചെയ്തു. അതോടൊപ്പം എല്ലാ മാസവും തഹ്രീക് ജദീദ് ചന്ദയായി നൂറ് യൂറോ നല്കുമെന്ന വാഗ്ദാനവും ചെയ്തു. ബാക്കിയുള്ള ഏഴ് മാസം അല്ലാഹു വലിയ സമാധാനത്തോടെ കഴിയാൻ സഹായിച്ചു. പ്രയാസങ്ങളും ദൂരീകരിച്ചു. അങ്ങനെ അല്ലാഹു ഒരു മകനെ നല്കി അനുഗ്രഹിക്കുകയുണ്ടായി. പറയുന്നു: ഇപ്പോഴും ഞാൻ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം അനുസരിച്ച് എല്ലാ മാസവും തഹ്രീക് ജദീദ് ചന്ദ നല്കി കൊണ്ടിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഭൗതീകതയിൽ മുങ്ങിക്കഴിയുകയും അല്ലാഹുവിൽ നിന്ന് അകലുകയും ചെയുന്ന ലോകത്തിലെ ഈ ഭാഗത്ത് അല്ലാഹു അഹ്മദികൾക്ക് തന്റെ അനുഗ്രഹങ്ങൾ നല്കി തന്റെ അസ്തിത്വത്തിനുള്ള തെളിവ് നല്കുന്നു. അതോടൊപ്പം അഹ്മദിയ്യത്തിന്റെ യാഥാർഥ്യവും സത്യതയും അവരിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു.

ഇനി ഇന്തോനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു, ഒരു നവഅഹ്മദിയോട് തഹ്രീക് ജദീദിനെ സംബന്ധിച്ച് പറയപ്പെട്ടപ്പോൾ അദ്ദേഹം അഞ്ച് ലക്ഷം ഇന്തോനേഷ്യൻ രൂപ നല്കാമെന്ന് വാഗ്ദാനം ചെയ്യ്തു. റമദാൻ മാസത്തിൽ ആ തുക നല്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ഒരു ദിവസം അദ്ദേഹത്തിന്റെ ഒരു ബന്ധു അദ്ദേഹത്തിന് ഉപഹാരമെന്ന നിലയിൽ ഒരു കവറിൽ കുറച്ച് പണം നല്കി. അദ്ദേഹം അത് ഉടൻ തന്നെ ചന്ദയായി നല്കി. ആ തുക കൃത്യം അഞ്ച് ലക്ഷം ഇന്തോനേഷ്യൻ ഉണ്ടായിരുന്നു.

ഇനി കുട്ടികളിലുള്ള ആത്മാർഥതയുടെയും ത്യാഗത്തിന്റെയും വികാരമാണ്. ഈ വിപ്ലവവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ കാണപ്പെടുന്നു. ഘാനയിലെ മുബലിഗ് എഴുതുന്നു: ഒരു തിഫിൽ അവന്റെ പ്രായം ഏകദേശം ഒൻപതോ പത്തോ ആയിരിക്കും. കുറച്ച് പണവുമായി വന്നു. തഹ്രീക് ജദീദിന്റെ വിഹിതമായി നല്കി. ചോദിച്ചപ്പോൾ അവൻ പറഞ്ഞു: ഞാൻ മാതാപാതാക്കളോട് ചന്ദ നല്കുന്നതിനായി കുറച്ച് പണം ആവശ്യപ്പെട്ടു. എന്നാൽ എന്തോ കാരണംകൊണ്ട് അവർ നല്കിയില്ല. ഞാൻ ഒരു കടയിൽ ജോലിക്ക് ചേർന്നു. അവിടുന്ന് കിട്ടിയ തുക ഞാൻ ചന്ദയായി നല്കുകയാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു അവരുടെ ധനത്തിലും വിശ്വാസത്തിലും ധാരാളമായി അനുഗ്രഹം വർഷിക്കുമാറാകട്ടെ. ഇത്തരത്തിലുള്ള ത്യാഗത്തിന്റെ ചിത്രം ഈ രാജ്യത്തിലെ കുട്ടികളിൽ കാണില്ല. അതായത് അധ്വാനിച്ചും ജോലി ചെയ്തും കാടുകളിലെ വിറകുകൾ മുറിച്ചും ചന്ദ നല്കുന്നു. എന്നാൽ ഇവിടെയുള്ള അവസ്ഥ മെച്ചപ്പെട്ടതാണ്. എന്നിരുന്നാലും ഇവിടെയും ഉന്നതമായ മാതൃകകൾ നമുക്ക് ലഭിക്കുന്നു. ചില കുട്ടികൾ അവരുടെ പോകറ്റ് മണി മുഴുവനും ചന്ദയായി നല്കുന്നു. അതിനാൽ അവരവരുടെ അവസ്ഥ അനുസരിച്ച് എല്ലാ സ്ഥലത്തും ആത്മാർഥതയുടെയും കൂറിന്റെയും ഉദാഹരണങ്ങൾ നമുക്ക് ലഭിക്കുന്നു. അല്ലാഹു അവരുടെ ആത്മാർഥതയും കൂറും വർധിപ്പിക്കുമാറാകട്ടെ.

ഇപ്പോൾ ഞാൻ ചില കണക്കുകൾ സമർപ്പിക്കുന്നതാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് ത്യാഗങ്ങൾ ചെയ്യാനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. എപ്രകാരമാണ് ഈ ത്യാഗങ്ങൾ ചെയ്യപ്പെട്ടത് അത് ഒരിക്കലും തന്നെ അല്ലാഹുവിന്റെ പിന്തുണയും സഹായവും കൂടാതെ സാധ്യമാകില്ല. അല്ലാഹുവാണ് അഹ്മദികളുടെ ഹൃദയങ്ങളിൽ അത് ഉണ്ടാക്കിയത്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒക്ടോബർ 31 ന് തഹ്രീക് ജദീദിന്റെ

85-ാം വർഷം അവസാനിച്ച്, 86-ാം വർഷം ആരംഭിച്ചിരിക്കുന്നു. ഈ വർഷം തഹ്‌രീക് ജദീദിന്റെ സമ്പത്ത് വ്യവസ്ഥിതിയിൽ 13.6 മില്ല്യൺ പൗണ്ട് ത്യാഗം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ഇത് കഴിഞ്ഞ വർഷത്തെക്കാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എട്ട് ലക്ഷത്തി ഇരുപതിനായിരം പൗണ്ട് അധികമാണ്. ആദ്യ സ്ഥാനം പൂർണമായ നിലയിൽ ജർമനിക്കാണ്. രണ്ടാം സ്ഥാനം പാകിസ്ഥാൻ, പിന്നെ യു.കെ, മുമ്പ് ഞാൻ പാകിസ്ഥാനെ പൂർണമായും മാറ്റി നിർത്തിയിരുന്നു. ആദ്യ സ്ഥാനം അവർക്കായിരുന്നു. പാകിസ്ഥാനെ മാറ്റി ബാക്കി രാജ്യങ്ങളുടെ സ്ഥാനം വിവരിക്കാം. രണ്ടാം സ്ഥാനത്തുള്ള പാകിസ്ഥാനെ  കൂടാതെ ബാക്കി പത്ത് രാജ്യങ്ങളുടെ സ്ഥാനം ഇപ്പോഴും വിവരിക്കുന്നതാണ്. ഒന്നാം സ്ഥാനം ജർമ്മനി, പിന്നെ പാകിസ്ഥാനെ കൂടാതെ യു.കെ രണ്ടാം സ്ഥാനം, അതിന് ശേഷം അമേരിക്ക, കാനഡ, ഭാരത്, അതിന് ശേഷം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പിന്നെ ഇന്തോനേഷ്യ, ഒസ്ട്രേലിയ, ഘാന, വീണ്ടും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്.

അവസ്ഥകൾ മോശമായിരുന്നിട്ടും പാകിസ്ഥാനിലും അതുപോലെ ലോകത്തിലെ വിവിധ രാജ്യങ്ങളിലേയും സാമ്പത്തികാവസ്ഥ മോശമായിരുന്നിട്ട് കൂടി അല്ലാഹു അനുഗ്രഹിച്ചു. പ്രാദേശിക കറൻസിയുടെ വർധനവിന്റെ അടിസ്ഥാനത്തിലുള്ള ആദ്യ മൂന്ന് രാജ്യങ്ങൾ, അതിൽ ഒന്നാം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്തിനാണ്. അത് കൂടാതെ രണ്ടാം സ്ഥാനം ഇന്ത്യ, ഇവിടെ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് വർധനവ് ഉണ്ടായിട്ടുള്ളത്. അതിന് ശേഷം കാനഡ, പിന്നെ ജർമ്മനി, യു.കെ, പിന്നെ ഘാന, പിന്നെ പാകിസ്ഥാൻ, ഇന്തോനേഷ്യ, അമേരിക്ക, ഒസ്ട്രേലിയ.

കഴിഞ്ഞ കുറെ വർഷമായി ഞാൻ അംഗ സഖ്യയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈയൊരു ഉദ്ദേശ്യത്തോട് കൂടി കൂടുതൽ ജമാഅത്തുകൾക്കും ആളുകളെ പങ്കെടുപ്പിക്കുന്നതിനായി ടാർഗറ്റും നല്കിവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വരെ പങ്കെടുത്തവരുടെ എണ്ണം 18 ലക്ഷത്തി 27000 ന് മുകളിൽ എത്തിയിരിക്കുന്നു. ഒരു ലക്ഷത്തി പന്ത്രണ്ടായിരം ആളുകൾ സാമ്പത്തിക വ്യവസ്ഥിതിയിൽ അംഗമായിരിക്കുന്നു. പങ്കെടുത്തവരുടെ തോതനുസരിച്ച് വർധനവ് വരുത്തിയ വലിയ ജമാഅത്തുകൾ, ബംഗ്ലാദേശ്, കാനഡ, മലേഷ്യ, ഇന്ത്യ, ഇന്തോനേഷ്യ, ജർമ്മനി, യു.കെ, അമേരിക്ക, ഒസ്ട്രേലിയ എന്നിവരാണ്.

കേന്ദ്ര റക്കോർഡ് പ്രകാരം ദഫ്ദർ അവ്വലിൽ ഉൾപ്പെട്ടവരുടെ എണ്ണം 5927 ആണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴും അതിപ്പെട്ട കുറച്ച്പേർ ജീവിച്ചിരിക്കുന്നു. സ്വയം അവരുടെ ചന്ദയും നല്കുന്നു. ബാക്കി വഫാത്തായവരുടെ വിഹിതം അവരുടെ അനന്തരാവകാശികളും ആത്മാർത്ഥ ജമാത്തംഗങ്ങളും നല്കി വരുന്നു.

ഹുസൂർ പറയുന്നു, ഇന്ത്യയിലെ ത്യാഗങ്ങളുടെ അടിസ്ഥാനത്തിലുള്ള പത്ത് ജമാഅത്തുകൾ, ഒന്ന് കരുളായി, പിന്നെ ഖാദിയാൻ, പത്തപ്പിരിയ്യം, ഹൈദരാബാദ്, കോയമ്പത്തൂർ, പഴയങ്ങാടി, ബാംഗ്ലൂർ, കോഴിക്കോട്, കൊൽകത്ത, യാദ്ഗീർ.

ആദ്യ പത്ത് സംസ്ഥാനങ്ങൾ, ഒന്ന് കേരളം, പിന്നെ കർണാടക, തമിഴ്നാട്, തെലുങ്കാന, ജമ്മുകാശ്മീർ, ഒഡീഷ, പഞ്ചാബ്, ദില്ലി, ഉത്തർപ്രദേശ്. കശ്മീരിലെ അവസ്ഥ രാഷ്ട്രീയപരവും സമ്പത്തികപരമായും വളരെ മോശമായിരുന്നു എന്നിട്ടും ജമാഅത്ത് വലിയ ത്യാഗമാണ് സമർപ്പിച്ചത്. അല്ലാഹു ത്യാഗം വരിച്ച എല്ലാവരുടെ ധനത്തിലും ആരോഗ്യത്തിലും അളവറ്റ അനുഗ്രഹങ്ങൾ നിറക്കുമാറാകട്ടെ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Baithul Futuh, UK – on 08.11.2019
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516